വെയ്സ് ആന്റ് മീൻസ് - 117 തവണ

(സി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ഡി) കടപ്പത്രം വഴി മൊത്തം 500 കോടി രൂപയിൽ ആദ്യഗഡുവായി 200 കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതു വരെ സമാഹരിച്ച തുകയെ കുറിച്ചുള്ള കണക്കുകൾ കിട്ടിയിട്ടില്ല.

6 (294) സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ നേരിട്ടുള്ള കടമെടുപ്പിൽകൂടി എന്തു തുകയുടെ വായ്പയെടുത്തുട്ടുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ വായ്പയുടെ പലിശയായി എന്തു തുക നൽകേണ്ടതായി വന്നിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും എന്നീ ഇനങ്ങളിലായി താഴെ പറയുന്ന തുകകൾ വായ്പയായി ലഭിച്ചിട്ടുണ്ടോ.

വർഷം	തുക (കോടിയിൽ)	
1996-97	1049.73	
1997-98	1241.55	
1998-99	1706.75	(*താല്ക്കാലിക കണക്ക്)

(ബി) മുൻവർഷങ്ങളിലെടുത്ത വായ്പകളുടെ പലിശയുൾപ്പെടെ നൽകേണ്ടി വന്ന പലിശ ഇപ്രകാരമാണ്.

വർഷം	പലിശ (കോടിയിൽ)	
1996-97	812.24	
1997-98	939.21	
1998-99	1071.92	(* താല്ക്കാലിക കണക്ക്)

7 (295) സംസ്ഥന സർക്കാരിന്റെ പൊതുക്കടം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രകോടി രൂപയായിരുന്നു;

(ബി) ഈ സർക്കാർ എത്രകോടി രൂപ കടം എടുത്തിട്ടുണ്ട്; ഇതിൽ എന്തുതുക മുതലിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്; എത്രകോടി രൂപ പലിശയിനത്തിൽ അടിച്ചിട്ടുണ്ട്;

---

† അനുബന്ധം - (V)

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ സർക്കാരിന്റെ പൊതുക്കടം എത്രകോടി രൂപയാണ്;

(ഡി) വർദ്ധിച്ചു വരുന്ന പൊതുക്കടം കുറച്ചുകൊണ്ടു വരുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും, മുൻകൂറുകളും, ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ എന്നീ ഇനങ്ങളിലായി 10,113.54 കോടി രൂപയായിരുന്നു (1.4.1996ന്).

(ബി) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം, കേന്ദ്രത്തിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും എന്നീ ഇനങ്ങളിലായി ഈ സർക്കാർ കടമെടുത്ത തുക, മുതലിലേയ്ക്ക് തിരിച്ചടച്ച തുക, പലിശയായി അടച്ച തുക എന്നിവ ഇപ്രകാരമാണ്.

(രൂപ കോടിയിൽ)

വർഷം	കടമെടുത്തതുക	മുതലിലേയ്ക്ക് തിരിച്ചടച്ച തുക	*പലിശയിനത്തിൽ അടച്ച തുക
1996-97	1049.73	190.87	812.24
1997-98	1241.55	249.31	939.21
*1998-99	1706.75	333.51	1071.92

(*1998-99 ലേക്ക് താല്ക്കാലിക കണക്ക്) (*മുൻവർഷങ്ങളിൽ എടുത്തവായ്പകളുടെ പലിശ ഉൾപ്പെടെ)

(സി) താല്ക്കാലിക കണക്കുകളനുസരിച്ച് 1.4.99ന് 15,574.35 കോടി രൂപ

(ഡി) പൊതുക്കടത്തിന്റെ വർദ്ധനവ് കുറയ്ക്കുന്നതിനുവേണ്ടി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പല വകുപ്പുകളിലേയും നോൺടാക്സ് റവന്യൂ വരുമാനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിലെ വരുമാനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യയനിയന്ത്രണത്തിനെ സംബന്ധിച്ചാണെങ്കിൽ നേരത്തെയുള്ള നിയന്ത്രണങ്ങൾക്കു പുറമെ കുറെക്കൂടി കർശനമായ നിയന്ത്രണങ്ങൾ സർക്കാർ ഈയിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

8 (296) സാമ്പത്തിക പ്രതിനന്ധി

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എന്തെങ്കിലും വിധത്തിലുള്ള സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം നിൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly